**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2440 | 09/03/2018-ൽ മറുപടിയ്ക്ക്

**കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പെൻഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. നൗഷാദ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ച സ്ഥിരം ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് പെൻഷൻ നല്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിൽ പെൻഷൻ റൂൾസ് നടപ്പാക്കിയിട്ടില്ല. എന്നാൽ ബഹു: കേരള ഹൈക്കോടതിയുടെ WP(C) 29674/11 നമ്പർ കേസിന്റെ വിധിയുടേയും, തുടർന്നുള്ള ബോർഡ് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 10,000/- രൂപ വരെ ആശ്വാസ പെൻഷൻ 81 പേർക്ക് നല്കി വരുന്നു. പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ടി 2002 -ലെ ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് സ്റ്റാഫ് (അപ്പോയിന്റ്മെന്റ്, കണ്ടീഷൻസ് ഓഫ് സർവ്വീസ്, കോൺടക്റ്റ് അന്റ് ഡിസിപ്ലിൻ) റൂൾസിലെ 62-ാം ചട്ടവും 1978 -ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്റ്റ് -ലെ 43-ാം വകുപ്പും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്. |
| (ബി) ഏതൊക്കെ ക്ഷേമനിധി ബോർഡുകളിലെ സ്ഥിരം ജീവനക്കാർക്കാണ് കെ.എസ്.ആർ. പ്രകാരമുള്ള പെൻഷൻ നല്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് പെൻഷൻ ആനുകൂല്യത്തിന് അർഹതയുള്ളത്; ക്ഷേമനിധി ബോർഡ് തിരിച്ച് കണക്ക് വ്യക്തമാക്കാമോ? | (സി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ചിട്ടുള്ള 41 ജീവനക്കാരിൽ 37 പേർക്ക് പെൻഷനും 4 പേർക്ക് ഫാമിലി പെൻഷനും നൽകി വരുന്നുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിച്ച 256 പേർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ